ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ ഈ വിഷയം പരിശോധിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന റോഡിലെ കേടുപാടുകൾ തീർത്ത് പരിപാലിച്ചുവരുന്നു.

(ബി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 1-4-2014 മുതൽ 30-9-2014 വരെ 1403.53 കോടി രൂപയും കെട്ടിട വിഭാഗത്തിൽ 1-1-2014 മുതൽ 30-9-2014 വരെയുള്ള 327 കോടി രൂപയും ദേശീയപാതാ വിഭാഗത്തിൽ 1-5-2014 മുതലുള്ള 52.43 കോടി രൂപയുമാണ് കുടിശ്ശികയുള്ളത്. ടാർ സപ്ലൈ ചെയ്യുന്ന ഏജൻസിയായ ഭാരത് പെട്രോളിയം കോർപ്പറേഷന് 31-10-2014 വരെ 39.14 കോടി രൂപ നൽകുവാനുണ്ട്.

(സി) സ്തംഭനാവസ്ഥയില്ല.

(ഡി) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് മുൻഗണനാക്രമത്തിൽ കാലവിളംബം കൂടാതെ കുടിശ്ശിക കൊടുത്തുതീർക്കാനാണ് ശ്രമിക്കുന്നത്.

(ഇ) സ്തംഭനാവസ്ഥ നിലവിലില്ല.

കായംകുളം കോടതി സമുച്ചയത്തിന്റെ നിർമ്മാണം

352 (1410) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കോടതി സമുച്ചയത്തിന്റെ നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കുമോ?

ഉത്തരം

കായംകുളം കോടതി സമുച്ചയത്തിന്റെ ആർക്കിടെക്ച്ചറൽ ഡ്രോയിംഗ് തയ്യാറാക്കിയിട്ടുണ്ട്. സ്ട്രക്ച്ചറൽ ഡ്രോയിംഗ് തയ്യാറാക്കി വരുന്നു.

വാമനപുരം-ചിറ്റാർ റോഡ് പുനരുദ്ധാരണം

353 (1411) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം-ചിറ്റാർ റോഡ് ആധുനിക രീതിയിൽ പുനരുദ്ധരിക്കുന്നതിന് പദ്ധതി ഉണ്ടോ; ഇതിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) വാമനപുരം-ചിറ്റാർ റോഡ് പൂർണ്ണമായും തകർന്ന് ഗതാഗതം അസാദ്ധ്യമായിരിക്കുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത റോഡ് അടിയന്തരമായി ഗതാഗതയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly